പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 116

26/09/2011 - ൽ
മറുപടിക്ക്

## കുട്ടികളിലെ അക്രമവാസന തടയാൻ നടപടി

ചോദ്യം
ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) കുട്ടികൾക്കെതിരായ അക്രമങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതും അതോടൊപ്പം ഇത്തരം കുറ്റകൃത്യങ്ങളിൽ കുട്ടികൾ തന്നെ പ്രതികളായി തീരുകയും ചെയ്യുന്നതിനെ നേരിടാനും അതിന് പരിഹാരം കാണാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ;

(എ) കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് ഫലപ്രദമായി നടപ്പിലാക്കുകയും കുട്ടികളിൽ കുറ്റകൃത്യങ്ങളുടെ പരിണിത ഫലങ്ങളെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി സ്കൂൾതലം മുതൽ പരിശീലനം നടത്തുന്നതിന് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്റ്റുഡന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ചൈൽഡ് ഹെൽപ്പ് ലൈൻ എന്നീ പദ്ധതികൾ നടത്തിവരുന്നു. കുട്ടികളുടെ സുരക്ഷ ഉദ്ദേശിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന 1098 എന്ന ചൈൽഡ് ഹെൽപ്പ് ലൈനും ടോൾ ഫ്രീ നമ്പരും പ്രവർത്തിക്കുന്നു. സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് രക്ഷകർത്താക്കളുടെയും അദ്ധ്യാപകരുടെയും മറ്റും സാന്നിദ്ധ്യത്തിൽ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തിയും ലഘുലേഖകൾ വിതരണം ചെയ്തും കുട്ടികൾക്കിടയിലുള്ള

കുറ്റവാസന തടയുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. കുട്ടികൾ ലഹരി വസ്തുക്കൾ മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിനുള്ള നടപടി സ്വികരിച്ചിട്ടുള്ളത് കൂടാതെ ലഹരി വസ്തുക്കൾ സ്കൂൾ പരിസരത്ത് വിൽപന നടത്തുന്നവർക്കെതിരെ ശക്തമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) കുട്ടികളെ കുറ്റകൃത്യങ്ങൾക്ക് പ്രേരിപ്പിക്കുന്നതായി കണ്ടെത്തിയ നീല ചിത്രങ്ങളും സി.ഡി.കളും വ്യാപിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ?

(ബി) റെയ്ഡുകളും തുടർന്നുള്ള നിയമനടപടികളും കർശനമായ രീതിയിൽ സ്വീകരിച്ച് വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ